**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3800** **17-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപായി ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകുന്നുണ്ടോ; | (എ) | പരിശീലനം ആവശ്യമായ തസ്തികകൾ നിർണ്ണയിച്ചിട്ടുണ്ട്.അത്തരം തസ്തികകളിൽ പരിശീലനം പൂർത്തിയാക്കിയശേഷമാണ് ജോലിയിൽ പ്രവേശിപ്പിക്കുന്നത്. |
| (ബി) | ഇവരെ ജോലിസംബന്ധമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | (ബി) | വിവിധ വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അതാതു വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് സംസ്ഥാന പരിശീലന നയത്തിൽ (STP) ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) പരിശീലനം നൽകി വരുന്നുണ്ട്.<br><br>ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിന് പരിശീലന നയം രൂപീകരിച്ചിട്ടുണ്ട്.അത് പ്രകാരം ഓരോ വകുപ്പിലെയും ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. |
| (സി) | സർക്കാർ ജീവനക്കാർക്ക് ഏതൊക്കെ തരത്തിലുള്ള പരിശീലനങ്ങളാണ് ജോലിയിൽ പ്രവേശിച്ച ശേഷം നൽകുന്നത്; | (സി) | വിവിധ വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അതാതു വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് സംസ്ഥാന പരിശീലന നയത്തിൽ (STP) ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) പരിശീലനം നൽകി വരുന്നുണ്ട്.<br><br>ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിന് പരിശീലന നയം രൂപീകരിച്ചിട്ടുണ്ട്.അത് പ്രകാരം ഓരോ വകുപ്പിലെയും ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. |
| (ഡി) | പൊതുജനങ്ങൾക്ക് നൽകേണ്ടുന്ന സേവനങ്ങൾ സംബന്ധിച്ചും പൊതുജനങ്ങളോടുള്ള പെരുമാറ്റം | (ഡി) | ഉണ്ട്. സർക്കാർ സർവ്വീസിന്റെ സേവനക്ഷമത ഉറപ്പ് വരുത്തുന്നതിനു ജീവനക്കാർക്ക് നിർബന്ധിത |

| | | | |
|---|---|---|---|
| | സംബന്ധിച്ചും സർക്കാർ ജീവനക്കാർക്ക് ശരിയായ പരിശീലനം നൽകുന്നത് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനും സഹായകരമാകും എന്ന് കരുതുന്നുണ്ടോ; | | ഇൻഡക്ഷൻ ട്രെയിനിംഗ്, കൂടാതെ അതാത് വകുപ്പ് ആവശ്യപ്പെടുന്ന വിഷയങ്ങൾ സംബന്ധിച്ച പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) നൽകാറുണ്ട്. |
| (ഇ) | എങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ തന്നെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി സേവനക്ഷമത ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | ഉണ്ട്. സർക്കാർ സർവ്വീസിന്റെ സേവനക്ഷമത ഉറപ്പ് വരുത്തുന്നതിനു ജീവനക്കാർക്ക് നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗ്, കൂടാതെ അതാത് വകുപ്പ് ആവശ്യപ്പെടുന്ന വിഷയങ്ങൾ സംബന്ധിച്ച പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ